**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4380** **18-03-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുത പദ്ധതികളിലെ കാലതാമസം ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ഡോ. എം. കെ. മുനീർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിൽ വൈദ്യുതി ബോർഡ് അനാവശ്യ കാലതാമസം വരുത്തുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വൈദ്യുത പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിലേ ക്കായി പദ്ധതിയുടെ പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി വിലയിരുത്തി കാലതാമസത്തിന് കാരണമായ വസ്തുതകൾ പരിഹരിച്ച് പദ്ധതികൾ പൂർത്തിയാക്കാൻ വേണ്ട സത്വര നടപടികൾ വൈദ്യുത ബോർഡ് സ്വീകരിച്ചു വരുന്നു.<br><br>പ്രസരണ വിഭാഗത്തിന് കീഴിൽ വൈദ്യുത പദ്ധതികൾ നടപ്പിലാക്കു ന്നതിൽ അനാവശ്യ കാലതാമസം വരുത്തുന്നില്ല. സബ്സ്റ്റേഷൻ/ലൈൻ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടു ക്കലിലുള്ള കാലതാമസം, കാലാവസ്ഥ, ഭൂപ്രകൃതി, കരാർ പ്രശ്നങ്ങൾ എന്നിവ ചില പദ്ധതികളെ ബാധിക്കാറുണ്ട്. പദ്ധതികളുടെ പുരോഗതി ഷെഡ്യൂൾ പ്രകാരം നടപ്പിലാക്കുന്നതിന് അതാതു സമയങ്ങളിൽ വിവിധ തലങ്ങളിൽ ചർച്ച ചെയ്തു കൃത്യമായ കാലയളവിൽ ചെയ്തു തീർക്കാനുള്ള തീരുമാനങ്ങൾ എടുക്കുന്നുണ്ട്. |
| (ബി) | വൈദ്യുത പദ്ധതികളുടെ പുരോഗതി കൃത്യമായി വിലയിരുത്താൻ ബോർഡിന് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ; | (ബി) | വൈദ്യുത പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിലേ ക്കായി പദ്ധതിയുടെ പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി വിലയിരുത്തി കാലതാമസത്തിന് കാരണമായ വസ്തുതകൾ പരിഹരിച്ച് പദ്ധതികൾ പൂർത്തിയാക്കാൻ വേണ്ട സത്വര നടപടികൾ വൈദ്യുത ബോർഡ് സ്വീകരിച്ചു വരുന്നു.<br><br>പ്രസരണ വിഭാഗത്തിന് കീഴിൽ വൈദ്യുത പദ്ധതികൾ നടപ്പിലാക്കു ന്നതിൽ അനാവശ്യ കാലതാമസം വരുത്തുന്നില്ല. സബ്സ്റ്റേഷൻ/ലൈൻ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടു ക്കലിലുള്ള കാലതാമസം, കാലാവസ്ഥ, ഭൂപ്രകൃതി, കരാർ പ്രശ്നങ്ങൾ എന്നിവ ചില പദ്ധതികളെ ബാധിക്കാറുണ്ട്. |

| | | | |
|---|---|---|---|
| | | | പദ്ധതി കളുടെ പുരോഗതി ഷെഡ്യൂൾ പ്രകാരം നടപ്പിലാക്കുന്നതിന് അതാതു സമയങ്ങളിൽ വിവിധ തലങ്ങളിൽ ചർച്ച ചെയ്തു കൃത്യമായ കാലയളവിൽ ചെയ്തു തീർക്കാനുള്ള തീരുമാനങ്ങൾ എടുക്കു ന്നുണ്ട്. |
| (സി) | പദ്ധതികളുടെ നടത്തിപ്പിലെ വീഴ്ചകൾ വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുന്നുണ്ടോ എന്ന് പരിശോധിക്കുമോ? | (സി) | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ Aggregate Revenue Requirement (ARR & ERC) ഉത്തരവിലൂടെ അംഗീകരിച്ചതും, എന്നാൽ സമയബന്ധി-തമായി പൂർത്തിയാക്കാത്തതും ആയ ഉൽപാദന മേഖലയിലെ പദ്ധതികൾ മൂലം ഉല്പാദിപ്പിക്കപ്പെടേണ്ട വൈദ്യുതിക്ക് പകരമായി പുറമെ നിന്ന് പ്രസ്തുത അളവിൽ വൈദ്യുതി വാങ്ങേണ്ട അവസ്ഥ ഉണ്ടാകും. ഇതിന് പുറമെ കാലതാമസം മൂലം പദ്ധതി നിർവഹണ ചെലവിൽ വർദ്ധനയും ഉണ്ടാകും. സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയിൽ 70% - ഉം സംസ്ഥാനത്തിന് പുറമേ നിന്ന് കണ്ടെത്തുകയാണ്. ബാക്കിയുള്ള 30% മാത്രമേ ആഭ്യന്തരമായി ഉത്പാദി പ്പിക്കുന്നുള്ളു. ആയതിനാൽ പദ്ധതി നിർവ്വഹണത്തിലെ കാലതാമസങ്ങൾ നേരിയ തോതിൽ താരീഫ് വർദ്ധിക്കാൻ ഇടയാക്കും. |

സെക്ഷൻ ഓഫീസർ